**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **13-02-2025 - ൽ മറുപടിയ്ക്ക്**

**ലൈസൻസ് ഫീസ് വർധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മിശ്രിത വളം നിർമ്മാണ രംഗത്തുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർധനവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | **മിശ്രിത വളം നിർമ്മാണ ലൈസൻസുമായും വളം ചില്ലറ വിൽപ്പന ലൈസൻസുമായും ബന്ധപ്പെട്ട് പുതിയതിന്, പുതുക്കുന്നതിന്, ഡ്യൂപ്ലിക്കേറ്റിന്, ഭേദഗതിക്ക്, ലേറ്റ് ഫീസ് എന്നിവയ്ക്ക് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. പഴയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വന്നത് 13.10.2014-ൽ ആയിരുന്നു. ഫീസിനത്തിൽ വരുത്തിയ വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | വളം ചില്ലറ വിൽപ്പനക്കാരുടെ ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർധനവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | **മിശ്രിത വളം നിർമ്മാണ ലൈസൻസുമായും വളം ചില്ലറ വിൽപ്പന ലൈസൻസുമായും ബന്ധപ്പെട്ട് പുതിയതിന്, പുതുക്കുന്നതിന്, ഡ്യൂപ്ലിക്കേറ്റിന്, ഭേദഗതിക്ക്, ലേറ്റ് ഫീസ് എന്നിവയ്ക്ക് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. പഴയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വന്നത് 13.10.2014-ൽ ആയിരുന്നു. ഫീസിനത്തിൽ വരുത്തിയ വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (സി) | കാർഷിക നഴ്സറികളുടെ ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | **ഉണ്ട്. 02.12.2024 തീയതിയിലെ സ.ഉ (സാധാ) നം.1143/2024/AGRI സർക്കാർ ഉത്തരവ് പ്രകാരം പുതിയ നഴ്സറികൾക്കുള്ള അംഗീകാരം ലഭിക്കുന്നതിന് 4000/- രൂപയും, നഴ്സറികളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് 2500/- രൂപയും, ഡ്യൂപ്ലിക്കേറ്റ് കോപ്പി നൽകുന്നതിന് 200/- രൂപയും ആക്കി ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്.** |
| (ഡി) | ലൈസൻസ് ഫീസ് വർധനവ് കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷകരെ നേരിട്ട് ബാധിയ്ക്കാത്ത വിധത്തിൽ കാലോചിതമായ പരിഷ്കരണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

<u>ലൈസൻസ് ഫീസ് വർദ്ധനവ് - ശതമാനം</u>

| ക്രമ നമ്പർ | ഇനം | | പുതുക്കുന്നതിനു മുൻപ് ഉള്ള ഫീസ് | പുതുക്കിയതിനു ശേഷം ഉള്ള ഫീസ് | വർദ്ധനവ് (%) |
|---|---|---|---|---|---|
| 1 | വളം മിശ്രിത ലൈസൻസ് | പുതിയതിന് | 750 | 10000 | 1233 |
| | | പുതുക്കുന്നതിന് | 750 | 5000 | 567 |
| | | ഡ്യൂപ്ലിക്കേറ്റിന് | 750 | 1000 | 33 |
| | | ഭേദഗതിക്ക് | 38 | 500 | 1216 |
| | | ലേറ്റ് ഫീസ് | 100 | 1000 | 900 |
| 2 | വളം ചില്ലറ വില്പന ലൈസൻസ് | പുതിയതിന് | 38 | 1000 | 2532 |
| | | പുതുക്കുന്നതിന് | 38 | 500 | 1216 |
| | | ഡ്യൂപ്ലിക്കേറ്റിന് | 38 | 100 | 163 |
| | | ഭേദഗതിക്ക് | 38 | 100 | 163 |
| | | ലേറ്റ് ഫീസ് | 100 | 250 | 150 |

# അനുബന്ധം

ലൈസൻസ് ഫീസ് വർദ്ധനവ് - ശതമാനം

| ക്രമ നമ്പർ | ഇനം | | പുതുക്കുന്നതിനു മുൻപ് ഉള്ള ഫീസ് | പുതുക്കിയതിനു ശേഷം ഉള്ള ഫീസ് | വർദ്ധനവ് (%) |
|---|---|---|---|---|---|
| 1 | വളം മിശ്രിത ലൈസൻസ് | പുതിയതിന് | 750 | 10000 | 1233 |
| | | പുതുക്കുന്നതിന് | 750 | 5000 | 567 |
| | | ഡ്യൂപ്ലിക്കേറ്റിന് | 750 | 1000 | 33 |
| | | ഭേദഗതിക്ക് | 38 | 500 | 1216 |
| | | ലേറ്റ് ഫീസ് | 100 | 1000 | 900 |
| 2 | വളം ചില്ലറ വില്പന ലൈസൻസ് | പുതിയതിന് | 38 | 1000 | 2532 |
| | | പുതുക്കുന്നതിന് | 38 | 500 | 1216 |
| | | ഡ്യൂപ്ലിക്കേറ്റിന് | 38 | 100 | 163 |
| | | ഭേദഗതിക്ക് | 38 | 100 | 163 |
| | | ലേറ്റ് ഫീസ് | 100 | 250 | 150 |